**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ( എ &റ്റി)നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം- ശ്രീമതി.ബിനിജ.S ,ഫാർമസ്സിസ്റ്റ് ഗ്രേഡ് 1- ഫയൽ ചെയ്ത കേസ് നമ്പർ OA 1254/2026 മേൽ അനുപാലനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1254/2026 നമ്പർ കേസിൻമേൽ പുറപ്പെടുവിച്ച വിധിന്യായം തീയതി:20/07/2026
2.ശ്രീമതി.ബിനിജ.s ,ഫാർമസ്സിസ്റ്റ് ഗ്രേഡ് 1സമർപ്പിച്ച അപേക്ഷ തീയതി: 07/07/2026

**ഉത്തരവ് നം: DHS/15970/2026-EE4 തീയതി: 29-07-2026**

---

പാറശ്ശാല ഹെഡ് ക്വാട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ ഫാർമസ്സിസ്റ്റ് ഗ്രേഡ് 1 തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.ബിനിജ.S ന് പൊതുസ്ഥലംമാറ്റം 2026 ന്റെ ഭാഗമായി ഉത്തരവ് നമ്പർ 11625/2026/EE4 DTD 05/07/2026 പ്രകാരം കോട്ടയം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവായിരുന്നു . ഈ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ശ്രീമതി.ബിനിജ.S ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1254/2026 നമ്പർ കേസിൽ പരാമർശം ഒന്ന് പ്രകാരം Interim order ലഭ്യമായിരുന്നു.പ്രസ്തുത ഉത്തരവിൽചുവടെ പ്രതിപാദിക്കുന്ന രീതിയിൽ രണ്ടാം എതിർ കക്ഷിയായ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം ലഭിച്ചിരിക്കുന്നു.

"The applicant seeks an early consideration of Annexure A7. There shall be

an interim direction to the 2nd respondent to consider A7 and pass orders within two weeks from the date of receipt of a copy of the order. Along with the order the applicant shall also forward a copy of Annexure A7 to the 2nd respondent."

ശ്രീമതി.ബിനിജ.S തന്റെ ജനറൽ ട്രാൻസ്ഫറിനുള്ള അപേക്ഷ സ്വീകരിച്ചില്ല, സ്റ്റേഷനുകൾ തിരഞ്ഞെടുക്കാൻ അവസരം നൽകിയില്ല ,ജനറൽ ട്രാൻസ്ഫറിൽ പങ്കെടുക്കാൻ അവസരം നൽകാതെ വനിതാ ജീവനക്കാരിയെ ദൂരസ്ഥലത്തേക്ക് സ്ഥലം മാറ്റി നിയമവിരുദ്ധവും ഏകപക്ഷീയവുമാണ് അതിനാൽ ഈ സ്ഥലംമാറ്റം നിയമവിരുദ്ധമാണ് എന്ന് കാണിച്ചാണ് നിലവിൽ കേസ് ഫയൽ ചെയ്തിരിക്കുന്നത് .

ബഹു. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഉത്തരവ് നമ്പർ **EH1/31371/2025/DHS DTD 16/04/2026** പ്രകാരം സ്പാർക്ക് മുഖേന പൊതുസ്ഥലംമാറ്റ അപേക്ഷകൾ സമർപ്പിക്കാൻ എല്ലാ ജീവനക്കാർക്കും അവസരം നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ശ്രീമതി.ബിനിജ.S ന്റെ അപേക്ഷ ഈ കാര്യാലയത്തിൽ ലഭിച്ചിട്ടില്ലായിരുന്നു. ജനറൽ ട്രാൻസ്ഫർ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം ആണ് പരാതിക്കാരിയുടെ അപ്പീൽ **(ANNEXURE 7)** അപേക്ഷ ലഭ്യമായത്.
എന്നാൽ പരാതിക്കാരി ആവശ്യപ്പെടുന്ന കൊല്ലം ,തിരുവനന്തപുരം ജില്ലകളിൽ ഒഴിവില്ലാത്തതിനാലും, **10/01/2020** മുതൽ നാളിതുവരെ തിരുവനന്തപുരം ജില്ലയിൽ തുടരുന്ന ശ്രീമതി.ബിനിജ.S തിരുവനന്തപുരം ജില്ലയിലെ **3** ആമത്തെ സീനിയർ ആയതിനാലുമാണ് പരാതിക്കാരിയെ സ്ഥലംമാറ്റിയിട്ടുള്ളത്.

നിലവിൽ കൊല്ലം ജില്ലയിൽ ഫാർമസ്സിസ്റ്റ് ഗ്രേഡ് **1** തസ്തികയിൽ ഒഴിവ് ഇല്ല. **Annexure A7** പ്രകാരം പരാതിക്കാരി ആവശ്യപ്പെടുന്നതുപോലെ കൊല്ലം ജില്ലയിലേക്ക് നിയമനം നൽകുകയാണെങ്കിൽ പ്രസ്തുത നിയമനം വർഷങ്ങളായി ടി ജില്ലയ്ക്ക് പുറത്ത് ജോലി ചെയ്യുന്ന ജീവനക്കാർക്ക് ജില്ലയിൽ ജോലി ചെയ്യാനുള്ള അവസരം ഇല്ലാതാക്കുകയാണ്. ആയതിനാൽ ശ്രീമതി.ബിനിജ.S-ന്റെ **Annexure A7** അപേക്ഷ പരിഗണനാർഹമല്ല എന്ന് ഉത്തരവാകുന്നു.

നിലവിലെ ജനറൽ ട്രാൻസ്ഫർ ഉത്തരവ് പ്രകാരം പരാതിക്കാരി **(11625/2026/EE4 DTD 05/07/2026)** കോട്ടയം ജില്ലയിൽ ജോലിയിൽ പ്രവേശിച്ചതിന് ശേഷം

സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുമ്പോൾ ആയത് മാനദണ്ഡ പ്രകാരം പരിഗണിക്കുന്നതുമായിരിക്കും.

ഇപ്രകാരം പരാമർശം (1) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ **OA 1254/2026** നമ്പർ കേസിലെ വിധിന്യായം അനുപാലനം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Shinu K S
Date: 29-07-2026
13:21:12

DR SHINU K S
ADDITIONAL DIRECTOR OF HEALTH SERVICES

സ്വീകർത്താവ്:-

1.ശ്രീമതി.ബിനിജ.S,ഫാർമസ്സിസ്റ്റ് ഗ്രേഡ് 1

പകർപ്പ്:-

**1.The Advocate General, Kerala, Thiruvananthapuram**(ആമുഖ കത്ത് സഹിതം)
**2.**ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
**3.**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
**4.**ഫയൽ